(Pages : 4) **J – 2510**

Reg. No. : ..............................

Name : ..................................

## Second Semester B.A./B.Sc. Degree Examination, May 2020

## First Degree Programme under CBCSS

## Malayalam Language

## Language Course V – Additional Language

## ML 1211.1 : ഗദ്യസാഹിത്യം

## (2014-2017 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. 'മനുഷ്യപുത്രി' എന്ന കഥ എഴുതിയതാര് ?

2. 'ദൈവത്തിന്റെ വികൃതികൾ' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപെടുന്നു ?

3. "അനേകായിരം ജന്മം ഈ ലോകത്തിൽ കഴിഞ്ഞ് ഒടുവിലത്തെ രംഗം ഇപ്പോൾ നിങ്ങളുടെ ചരിത്രത്തിൽ കാണുന്ന മാസിഡോണിയ എന്ന സ്ഥലത്തായിരുന്നു." ഈ വാക്യം ഏത് കഥയിലേതാണ് ?

4. ബാലചന്ദ്രൻ, റഹിമാൻ എന്നിവർ മുഖ്യകഥാപാത്രങ്ങളായി വരുന്ന കഥയേത് ?

5. 'ഇതാ ഇവിടെ വരെ' എന്ന ചിത്രം സംവിധാനം ചെയ്തതാര് ?

P.T.O.

6. 'ലോകത്തിലെ ഏറ്റവും വലിയ നോവലിസ്റ്റ് മാർക്ക്ട്വെയിൻ ആണ് എന്നവൾ വിശ്വസിക്കുന്നു' - ആരാണ് അങ്ങനെ വിശ്വസിച്ചത് ?

7. 'അച്യുതമ്മാമ' എന്ന കഥ രചിച്ചതാര് ?

8. "കവികൾ വാക്കുകൊണ്ടേൽപ്പിക്കുന്ന അനുഭൂതിക്ക് ഒരിക്കലും മറക്കരുതാത്ത ദാർഢ്യം കിട്ടുന്നത് അവയുടെ കലാത്മകതകൊണ്ടാണ്." - ഈ വാക്കുകൾ ആരുടേതാണ് ?

9. "വാക്കുകൾ കൂട്ടിചൊല്ലാൻ വയ്യാത്ത കിടാങ്ങളേ

ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ"

ഏതു കവിതയിലേതാണ് ഈ വരികൾ ?

10. മക്കളെ പട്ടിണിക്കിട്ടു കൊല്ലുന്ന കേരളമാതാവിനെ വർണ്ണിക്കുന്ന വൈലോപ്പിള്ളി കവിത ഏത് ?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ** കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. മാമ്പഴത്തിലെ അമ്മ തെറ്റുകാരിയല്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനമെന്ത്?

12. ആന്ദ്രേഷീദിന്റെ ദുർമാർഗി (The Immoralist) എന്ന നോവലിന്റെ പ്രമേയമെന്ത്?

13. 'ശബ്ദമാണ് കവിതയുടെ ഇന്ദ്രിയഗോചരമായ ബാഹ്യഘടകം' എന്നു പറയാൻ കാരണമെന്ത് ?

14. ബാലചന്ദ്രൻ ചുള്ളിക്കാട് ശിവാജി ഗണേശനെ ആദ്യമായിക്കണ്ട സന്ദർഭം ഏത് ?

15. കാവ്യകലയോടുള്ള ബഹുമാനം ശിവാജി ഗണേശൻ പ്രകടിപ്പിച്ചതെങ്ങനെ ?

16. എം. മുകുന്ദന്റെ നോവലുകൾ ഏതൊക്കെയാണ് ?

17. "ഈ സ്ത്രീകളെ ലജ്ജയില്ലാതെ തുറിച്ചുനോക്കി അവരെ കഷ്ടപ്പെടുത്തുന്നതു നല്ലതാണോ" ? - സന്ദർഭമേത് ?

18. മനുഷ്യപുത്രി എന്ന കഥയിലെ കുഞ്ഞാത്തോലമ്മ എന്തിനാണ് മന്ത്രിയെ കാണാൻ എത്തിയത് ?

19. കടയനല്ലൂരിലെ സ്ത്രീ എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

20. 'ഇതാ ഇവിടെ വരെ' പരസ്യവണ്ടിയുടെ സവിശേഷതകൾ എന്തൊക്കെയാണ് ?

21. ആറാംകാലം എന്ന കഥയുടെ പ്രമേയഭംഗി വ്യക്തമാക്കുക.

22. 'ഇതാ ഇവിടെവരെ' എന്ന ചിത്രത്തിന്റെ പ്രമേയഭംഗി വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. കെ.പി. രാമനുണ്ണിയുടെ സാഹിത്യസംഭാവനകൾ വിലയിരുത്തുക.

24. 'മനുഷ്യപുത്രി' എന്ന കഥയിൽ തെളിയുന്ന ജീവിതദർശനം എന്ത് ?

25. 'എന്റെ ഗന്ധർവ്വസ്നേഹിതൻ' എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക.

26. 'മാമ്പഴം' എന്ന കവിതയെ ജനകീയമാക്കിയ ഘടകങ്ങൾ എന്തൊക്കെയാണ് ?

27. കളിത്തോഴി എന്ന നോവലിന്റെ സവിശേഷതകൾ എന്തൊക്കെയാണ് ?

28. 'അർത്ഥം കവിതയുടെ പ്രാണനാണോ' ? എന്തുകൊണ്ട് ?

29. 'ഗുരുസ്മരണ' എന്ന ലേഖനത്തിൽ തെളിയുന്ന സാമൂഹികജീവിതത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ് ?

30. ലോല എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.

31. മലയാളത്തിലെ ആദ്യകാലകഥകളെക്കുറിച്ച് ഒരു ലഘുവിവരണം എഴുതുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഒരു ദളിത് യുവതിയുടെ കദനകഥ എന്ന രചനയെ മുൻനിർത്തി എം. മുകുന്ദന്റെ ആഖ്യാനശൈലിയെ പരിചയപ്പെടുത്തുക.

33. മാമ്പഴം എന്ന ലേഖനത്തിൽ മനഃശാസ്ത്രനിരൂപണത്തിന്റെ സവിശേഷതകൾ എത്രത്തോളം പ്രകടമാണ്? വിശകലനം ചെയ്യുക.

34. കവിതയുടെ മൂലഘടകങ്ങളെക്കുറിച്ച് സുകുമാർ അഴീക്കോടിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

35. കടയനല്ലൂരിലെ സ്ത്രീ എന്ന കഥയ്ക്ക് ഒരു ആസ്വാദനമെഴുതുക.

**(2 × 15 = 30 Marks)**